# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3948 | 26.06.2013 ൽ മറുപടിക്ക്

### സർക്കാർ മേഖലയിൽ ഡയാലിസിസ് സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ മേഖലയിൽ ഡയാലിസിസ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം ; | (എ) 5 സർക്കാർ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം എന്നീ ജനറൽ ആശുപത്രികളിലും പാലക്കാട്, കോട്ടയം, കോഴഞ്ചേരി, ആലുവ എന്നീ ജില്ലാ ആശുപത്രികളിലും ഡയാലിസിസ് കേന്ദ്രങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) പല ജില്ലകളിലും സർക്കാർ മേഖലയിൽ ഡയാലിസിസ് സെന്ററുകൾ ഇല്ലാത്തതുമൂലം വൃക്കരോഗികൾ വൻതുക മുടക്കി പ്രൈവറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എല്ലാ ജില്ലാ- താലൂക്ക് സർക്കാർ ആശുപത്രികളിലും സൗജന്യ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുമോ ; | (സി) എല്ലാ ജനറൽ ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും സൗജന്യ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ വരെ ഇവ ഏർപ്പെടുത്തുന്നതാണ്. |
| (ഡി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കാൻ സഹായം തേടുമോ ? | (ഡി) 05.02.2013 ലെ ജി.ഒ. (ആർ.റ്റി) നം. 114/2013/ടിഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനമൊട്ടാകെ 27 ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ